പത്രക്കുറിപ്പ്
31-7-2017

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും കൈകോർക്കുന്നു**

# സ്ത്രീകൾക്ക് സുരക്ഷിതമായി താമസിക്കാൻ എല്ലാ നഗരങ്ങളിലും ഷീ ലോഡ്ജുകൾ ആരംഭിക്കുന്നു

* ഏകോപനം പ്ളാനിങ്ങ് ബോർഡിന്

തിരുവനന്തപുരം: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും സംയുക്തമായി എല്ലാ നഗരങ്ങളിലും ഷീ ലോഡ്ജുകൾ ആരംഭിക്കുന്നു. വിവിധ ആവശ്യങ്ങൾക്കായി നഗരങ്ങളിലെത്തുന്ന സ്ത്രീകൾക്കും വിദ്യാർത്ഥികൾക്കും മിതമായ വാടകയിൽ സുരക്ഷിതമായ താമസവും ഭക്ഷണവും ഒരുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതി തുടങ്ങുന്നതിന്റെ മുന്നോടിയായി നവംബർ ഒന്നിന് ഷീ ലോഡ്ജുകൾ പ്രവർത്തനം ആരംഭിക്കും.

പദ്ധതിയുടെ ഏകോപനത്തിനായി പ്ളാനിങ്ങ് ബോർഡ് അംഗങ്ങളായ ഹരിലാൽ മൃദുൽ ഈപ്പൻ എന്നിവരുടെ നേതൃത്വത്തിൽ പദ്ധതി സമർപ്പിച്ച പതിനേഴ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീ സാമൂഹ്യനീതി വകുപ്പ് എന്നിവ സംയുക്തമായി ചേർന്ന യോഗത്തിലാണ് തീരുമാനം.

സ്ത്രീയുടെ സഞ്ചാരസ്വാതന്ത്ര്യം എന്ന ലക്ഷ്യത്തിലേക്കുള്ള ഒരു പുതിയ ചുവടുവയ്പ്പായിരിക്കും ഷീ ലോഡ്ജുകൾ എന്ന് പ്ളാനിങ്ങ് ബോർഡ് അംഗം ഹരിലാൽ പറഞ്ഞു. നിലവിൽ നഗരപ്രദേശങ്ങളിൽ നിരവധി ഹോട്ടലുകളും ലോഡ്ജുകളും ഉണ്ടെങ്കിലും തനിച്ച് എത്തുന്ന സ്ത്രീകൾക്ക് ഇവിടങ്ങളിൽ താമസിക്കാൻ പലപ്പോഴും പ്രയാസം നേരിടേണ്ടി വരുന്നു. ഷീ ലോഡ്ജുകൾ പ്രവർത്തനം ആരംഭിക്കുന്നതോടെ ഒറ്റയ്ക്കും കൂട്ടമായും നഗരത്തിലെത്തുന്ന സ്ത്രീകൾക്ക് ഭയം കൂടാതെ ഇവിടേക്ക് കടന്നു വരാനും താമസിക്കാനും കഴിയുമെന്നതാണ് പ്രത്യേകത.

വിവിധ ആവശ്യങ്ങൾക്കായി നഗരത്തിൽ തങ്ങേണ്ടി വരുന്ന സത്രീകൾ വിദ്യാർത്ഥിനികൾ ഉദ്യോഗാർത്ഥികൾ എന്നിവർക്ക് ഏററവും അനുയോജ്യവും സുരക്ഷിതവുമായ സംവിധാനങ്ങൾ ഒരുക്കിക്കൊണ്ടായിരിക്കും ഷീ ലോഡ്ജുകൾ പ്രവർത്തിക്കുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും സംയുക്തമായി ആലോചിച്ച് ഇതു സംബന്ധിച്ച മാതൃകാ പദ്ധതി തയ്യാറാക്കും. അതത് നഗരസഭകൾക്കു കീഴിലായിരിക്കും ഷീ ലോഡ്ജുകളുടെ പ്രവർത്തനം. പദ്ധതിക്കായി കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ട ഉത്തരവാദിത്വം തദ്ദേശ സ്ഥാപനങ്ങൾക്കാണ്.

വാടക ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന് പ്ലാനിങ്ങ് ബോർഡിന്റെ മാർഗരേഖയിലെ നിർദേശങ്ങൾ പാലിച്ച് പ്രോജക്ടുകൾ വച്ച തുക ഉപയോഗിച്ചോ കുടുംബശ്രീ മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി ദേശീയ നഗര ഉപജീവന ദൗത്യത്തിൽ നിന്നോ തുക ലഭ്യമാക്കുന്നതിനും ഉദ്ദേശിക്കുന്നു. കൂടാതെ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് സാമൂഹ്യമീതി വകുപ്പ് ഉൾപ്പെടെ വിവിധ വകുപ്പുകളുടെ സംയോജന സാധ്യതകളും പൂർണമായും ഉറപ്പു വരുത്തും. സ്ത്രീകൾക്ക് സഞ്ചാരസ്വാതന്ത്ര്യം കൈവരിക്കാൻ സഹായകരമാകുന്ന മാതൃകാ പദ്ധതിയെന്ന നിലയിൽ ഇതിനായി കൂടുതൽ തുക അനുവദിക്കുമെന്ന് ആസൂത്രണ ബോർഡ് അംഗം ഹരിലാൽ പറഞ്ഞു.

പദ്ധതി സംബന്ധിച്ച മാർഗരേഖയും ബിസിനസ് മാതൃകയും തയ്യാറാക്കുന്നതിന്റെ ചുമതല കുടുംബശ്രീയെ ഏൽപ്പിച്ചു. ഷീ ലോഡ്ജുകളുടെ നടത്തിപ്പു ചുമതലയും കുടുംബശ്രീക്കായിരിക്കും. പദ്ധതിയുടെ ഭാഗമായി ഷീ ലോഡ്ജിന്റെ ലോഗോ തയ്യാറാക്കി പ്രത്യേക വെബ്സൈറ്റ് തുടങ്ങുന്നതുൾപ്പെടെ ഓൺലൈൻ ബുക്കിങ്ങ്, ഹൗസ് കീപ്പിങ്ങ് ഓഫീസ് നിർവഹണം ഭക്ഷണ വിതരണം സുരക്ഷ തുടങ്ങിയ കാര്യങ്ങൾ നിർവഹിക്കുന്നതിന് കേന്ദ്രീകൃത സംവിധാനം ഏർപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്. എല്ലാ ഷീ ലോഡ്ജിലേക്കും ആവശ്യമായ ജീവനക്കാരെ കുടുംബശ്രീ ശൃംഖലയിൽ നിന്നുമാണ് തിരഞ്ഞെടുക്കുക. ഇവർക്കുള്ള പരിശീലനം അതത് തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് കുടുംബശ്രീ നൽകും. ഭക്ഷണ വിതരണത്തിന് അതത് നഗരപ്രദേശത്തെ കഫേ കുടുംബശ്രീ യുണിറ്റുകളെ ചുമതലപ്പെടുത്താനാണ് ഉദ്ദേശ്യം. എല്ലാ നഗരങ്ങളിലും ഷീ ലോഡ്ജ് ശൃംഖല പ്രവർത്തനം ആരംഭിക്കുന്നതോടെ സ്ത്രീശാക്തീകരണത്തിനും സ്ത്രീയുടെ സഞ്ചാരസ്വാതന്ത്ര്യത്തിനും പുതിയ മാനങ്ങൾ കൈവരിക്കാൻ കഴിയും.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

**കുടുംബശ്രീ**